**ശ്രദ്ധക്ഷണിക്കൽ**

(1) കൈവശഭൂമിക്ക് പട്ടയം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര, കൊല്ലം, കുന്നത്തൂർ, കരുനാഗപ്പള്ളി, അടൂർ, മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകളിൽ വ്യാപിച്ചുകിടക്കുന്ന സാധാരണക്കാരായ ജനങ്ങളുടെ വളരെ പ്രധാനപ്പെട്ട വിഷയമാണിത്. കേരളത്തിലെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള കല്ലട ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട കനാൽ പ്രോജക്ടിന്റെ പദ്ധതി ഉപേക്ഷിക്കപ്പെട്ടു. കനാലിലൂടെ വെള്ളം വരുന്നുണ്ട്. കനാലിൽ മെയിന്റനൻസൊന്നും നടക്കാറില്ല. കനാലിൽ പല സ്ഥലത്തും തകരാറുണ്ട്. എങ്കിൽപ്പോലും സർക്കാർ 40 വർഷങ്ങൾക്ക് മുമ്പ് ഇതിനുവേണ്ടി ആയിരക്കണക്കിന് ഏക്കർ ഭൂമി വിലയ്ക്കുവാങ്ങി. അതിനുശേഷം ഈ പദ്ധതി പൂർത്തിയായതുമുതൽ 40 വർഷത്തിലധികമായി വളരെ നിർദ്ധനരായ ധാരാളം ആളുകൾ ഈ പ്രദേശത്തെ പുറമ്പോക്കിൽ കുടിയേറി പാർക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ന്യായമായി ലഭിക്കേണ്ട പട്ടയങ്ങൾ വളരെവേഗത്തിൽ കൊടുക്കുന്ന ഒരു സർക്കാരാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയിരക്കണക്കിന് പട്ടയങ്ങൾ ബഹുമാനപ്പെട്ട

മുഖ്യമന്ത്രി തന്നെ കേരളത്തിന്റെ വിവിധ ജില്ലകളിൽ വിതരണം ചെയ്തു. കൂടാതെ ഈ പ്രദേശങ്ങളിൽ പമ്പാവാലി, മൂവാറ്റുപുഴ വാലി തുടങ്ങിയ പദ്ധതികളുമുണ്ട്. ആലപ്പുഴ, എറണാകുളം ജില്ലകളിൽ സമാനമായ വിഷയമുണ്ട്, ഇത് സംസ്ഥാനത്ത് പൊതുവിൽ വരുന്ന ഒരു വിഷയമാണ്. ഞാൻ എടുത്ത് പറയുന്നത് എന്റെ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കല്ലട ഇറിഗേഷൻ പ്രോജക്ടിനെ (KIP) കുറിച്ചാണ്. കല്ലട ഇറിഗേഷൻ പ്രോജക്ടുകളിൽ, ഞാൻ പറഞ്ഞ താലൂക്കുകളിൽ തന്നെ ഏതാണ്ട് 6000-ത്തിലധികം ആളുകൾ പുറമ്പോക്കുകളിൽ മാത്രം താമസിക്കുന്നുണ്ട്. കെ.ഐ.പി.-യിൽ നിന്നും ജലവിഭവ വകുപ്പിൽനിന്നും അനുകൂലമായ ഒരു നിലപാട് വരികയാണെങ്കിൽ ഈ 6000 പേർക്ക് മൂന്നോ നാലോ മാസത്തിനുള്ളിൽ പട്ടയം നൽകാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഒന്നര വർഷം മുമ്പ്, 27-09-2016-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയ്ക്കും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയ്ക്കും ഞാൻ ഒരു കത്ത് നൽകി. ആ കത്തിന്റെ പകർപ്പ് എന്റെ കയ്യിലുണ്ട്. ആ കത്തിൽ ബഹുമാനപ്പെട്ട രണ്ട് വകുപ്പുമന്ത്രിമാരും ജോയിന്റായി ഒരു മീറ്റിംഗ് വിളിച്ച് ഇക്കാര്യം ചർച്ച ചെയ്യണമെന്ന് പറഞ്ഞിരുന്നു. കെ.എ.പി. -യുടെ സ്ഥലം റവന്യൂ വകുപ്പിന്റെ സ്ഥലമാക്കി മാറ്റി റവന്യൂ വകുപ്പ് അത് പാവങ്ങൾക്ക് പട്ടയമായി പതിച്ചു കൊടുക്കണമെന്നതാണ്

എന്റെ അഭ്യർത്ഥന. ഞാൻ കൂടുതൽ ഭൂമി കൊടുക്കണമെന്ന് പറയുന്നില്ല. ചിലരൊക്കെ 80 സെന്റ്, 90 സെന്റ്, 1 ഏക്കർ ഭൂമി വരെ കയ്യേറി വച്ചിട്ടുണ്ട്. അതൊന്നും കൊടുക്കാൻ പാടില്ല. താമസിക്കുന്ന വീടും അതിനുചുറ്റും വരുന്ന പതിനഞ്ചോ പത്തോ സെന്റ് ഭൂമി മാത്രമേ കേരളത്തിലെ പട്ടയ നിയമമനുസരിച്ച് നൽകാൻ സാധിക്കുകയുള്ളൂ. അതനുസരിച്ച് പതിനഞ്ചോ പത്തോ സെന്റ് ഭൂമി കൊടുക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും ഒരു ജോയിന്റ് മീറ്റിംഗ് വിളിക്കണമെന്ന് ഞാൻ നേരിട്ട് രണ്ടുപേരെയും കണ്ട് പറയുകയും രണ്ടുപേർക്കും കത്തും നൽകിയിട്ടുമുണ്ട്. ഈ യോഗത്തിൽ റവന്യൂ വകുപ്പുമന്ത്രി പങ്കെടുത്തിരുന്നു. പക്ഷെ അങ്ങ് വന്നില്ല. അതിനുപകരം ഇറിഗേഷൻ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ അയച്ചിരുന്നു. അദ്ദേഹം ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ആ യോഗത്തിൽ കനാലിന്റെ പ്രോട്ടക്ഷനുവേണ്ടിവരുന്ന 8 മീറ്റർ വിട്ട് അപ്പുറത്തേയ്ക്ക് താമസിക്കുന്ന ആളുകൾക്ക് 10 സെന്റ് ഭൂമി വീതം കൊടുക്കാമെന്നൊരു തീരുമാനം എടുക്കുകയും റവന്യൂ വകുപ്പ് നടപടി തുടങ്ങി കെ.എ.പി.-യെ അറിയിക്കാനും പറഞ്ഞു. റവന്യൂ വകുപ്പ് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടപടി തുടങ്ങി കൊല്ലം ജില്ലയിലെ ലിസ്റ്റ് തയ്യാറാക്കി കെ.എ.പി.- യ്ക്ക് അയച്ചു കൊടുത്തു. ഇത് ചീഫ്

എഞ്ചിനിയറുടെ ഓഫീസിൽ വന്നിട്ട് വർഷം ഒന്ന് ആകാറായി. തുറന്നുപോലും നോക്കിയിട്ടില്ല. ഇത് അന്യായമാണ്. പാവപ്പെട്ടവർക്കുവേണ്ടി ഒന്നും രണ്ടും ഏക്കർ ഒന്നും ചോദിക്കുന്നില്ല, അവർ താമസിക്കുന്ന വീടും അതിനുചുറ്റുമുള്ള 15 സെന്റ് ഭൂമിയും പതിച്ചു നൽകാനാണ് ആവശ്യപ്പെടുന്നത്. അത് 10 സെന്റായാലും മതി. ഇതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി ഇടപെടണം. ബഹുമാനപ്പെട്ട രണ്ട് വകുപ്പുമന്ത്രിമാരും വന്നെങ്കിലേ യോഗം നടക്കൂ. വന്നില്ലെന്ന് മാത്രമല്ല സെക്രട്ടറി വന്നു അദ്ദേഹം ഇത് ന്യായമാണെന്ന് സമ്മതിച്ചു. റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടറും കെ.എ.പി. -യിലെ ചീഫ് എഞ്ചിനീയർ അടക്കമുള്ളവർ പങ്കെടുത്തു. പക്ഷെ തീരുമാനം ഒരു വിധത്തിലും നടക്കുന്നില്ല. കഴിഞ്ഞ 17 വർഷമായി ഒരു എം.എൽ.എ. എന്ന നിലയിൽ ഇതിന്റെ പിറകിൽ പോരാടുന്നൊരു ആളാണ്. ഇത് വളരെ വേദനയുള്ളൊരു കാര്യമാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഒരു വ്യക്തമായ ഉത്തരം പറയുകയില്ലെന്ന് എനിക്ക് അറിയാം. കാരണം ഞാൻ പല ചോദ്യങ്ങളും ചോദിച്ചു. വ്യക്തമായ ഉത്തരം പറഞ്ഞിട്ടില്ല. ഞാനെന്നല്ല ഇവിടെ പലരും ചോദിച്ചിട്ടുണ്ട്. ഒന്നും പറഞ്ഞിട്ടില്ല. പക്ഷെ ഞാൻ പറഞ്ഞ മൂന്ന് പദ്ധതികളിൽ താമസിക്കുന്ന പതിനായിരകണക്കിന് വരുന്ന ജനങ്ങൾക്ക് ജീവിതത്തിൽ എന്നെന്നേയ്ക്കുമായി ഒരു ആശ്വാസം പകരാൻ... കാരണം 40 വർഷമായി ഞാനൊരു

വീട്ടിൽ കിടക്കുകയാണ്. ആ വീടിന് പട്ടയമില്ല. കോളേജിൽ കുട്ടികളെ പഠിപ്പിക്കാൻ ലോണെടുക്കാൻ പറ്റുന്നില്ല കല്യാണത്തിന് ലോണെടുക്കാൻ കഴിയുന്നില്ല. ഒരു സഹകരണ ബാങ്കിലും പണയപ്പെടുത്തി ലോണെടുക്കാൻ കഴിയുന്നില്ല. അങ്ങനെയുള്ളൊരു സാഹചര്യത്തിൽ അങ്ങയുടെ നല്ല മനസ്സ്, മനുഷ്യത്വത്തോടെയുള്ള മനസ്സോടെ ഇന്ന് തീരുമാനിച്ചാൽ പതിനായിരകണക്കിന് ആളുകൾക്ക് പട്ടയം കൊടുക്കാൻ കഴിയും. മാത്രമല്ല ഇവർക്ക് 15 സെന്റ് ഭൂമി വീതം കൊടുത്തുകഴിഞ്ഞ് ബാക്കി വരുന്ന സ്ഥലമുണ്ട്. കേരളാ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട പദ്ധതിയായ ലൈഫ് പദ്ധതിക്ക് ആവശ്യമായ ഭൂമി ഇതിന്റെ ബാലൻസ് ഭൂമിയിൽ നിന്നും കണ്ടെത്താൻ കഴിയും. ആയിരകണക്കിന് ഏക്കർ ഭൂമിയാണ് കിടക്കുന്നത്. അതിൽ ഒരു ഏക്കർ, രണ്ട് ഏക്കർ വരെയുള്ള ഡമ്പിംഗ് യാർഡുകൾ ഉണ്ട്. അവിടെ പാർപ്പിട പദ്ധതിയായ ലൈഫിന്റെ ഭാഗമായി ഫ്ലാറ്റുകൾ പണിയാം. ഇതെല്ലാം ചെയ്യാവുന്നൊരു സാഹചര്യമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ എഴുതി തന്ന മറുപടിയ്ക്കപ്പുറം അങ്ങയുടെ മനസ്സിന്റെ മനുഷ്യത്വം, ഒരു പൊതുപ്രവർത്തകന്റെ മനുഷ്യത്വം ഈ മറുപടിയിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, സ്പീക്കർ സർ,

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഭൂമി പതിച്ചു നൽകുന്നതും പട്ടയം നൽകുന്നതുമടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്. ജലവിഭവ വകുപ്പിന്റെ നിലപാട് വളരെ വ്യക്തമായി തന്നെ സഭയിൽ പറയാം. ജലസേചന വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെ ഇൻവെന്ററി തയ്യാറാക്കാൻ ഇപ്പോൾ നടപടി സ്വീകരിച്ചുവരികയാണ്. ഒരു രൂപത്തിലും കയ്യേറ്റങ്ങളെ പ്രോൽസാഹിപ്പിക്കുവാനോ കയ്യേറ്റങ്ങളെ സാധൂകരിക്കുവാനോ സർക്കാരിന് കഴിയില്ല. എന്നാൽ ജലസേചന വകുപ്പിന്റെ കൈവശമുള്ളതും ജനസേചന വകുപ്പിനോ കേരള വാട്ടർ അതോറിറ്റി അടക്കമുള്ള ജലവിഭവത്തിന്റെ ഇതര വകുപ്പുകൾക്കോ ഇപ്പോഴോ ഭാവിയിലോ ഉള്ള ഉപയോഗത്തിന് ആവശ്യമായി വേണ്ടിവരാൻ സാധ്യയില്ലാത്തതുമായ ഭൂമി സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഉപയോഗത്തിന് വിട്ടുതരുന്നതിന് ജലവിഭവവകുപ്പിന് ആക്ഷേപമില്ലെന്ന് വ്യക്തമാക്കുകയാണ്. വ്യക്തമാണല്ലോ? വ്യക്തമായ മറുപടിയാണിത്. വിവിധ ഭരണ വകുപ്പുകൾ ആവശ്യപ്പെട്ട നിരവധി ആവശ്യങ്ങൾക്ക് ഇതിനകം ജലസേചന വകുപ്പിന്റെ ഭൂമി റവന്യൂ വകുപ്പിന്റെ പരിശോധനകൾക്കുശേഷം മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകി കഴിഞ്ഞിട്ടുണ്ട്. ഭൂമിയില്ലാത്തവർക്ക്, പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ഭൂമി ലഭ്യമാക്കി വീട് നിർമ്മിച്ചു നൽകുന്നതിനാണ് ലൈഫ് മിഷൻ വിഭാവന

ചെയ്തിട്ടുള്ളത്. ലൈഫ് മിഷന്റെ ആവശ്യങ്ങൾക്ക് ജലസേചന വകുപ്പിന്റെ ഭൂമി ആവശ്യമായി വരുന്നതായാൽ മുകളിൽ സൂചിപ്പിച്ച നിബന്ധനകൾ പാലിച്ചുകൊണ്ട് ജലസേചന വകുപ്പിന്റെ ഭൂമി നൽകുന്ന സംഗതി സർക്കാർ പരിഗണിക്കുന്നതാണ്. ഇക്കാര്യത്തിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വസ്തു നൽകുന്നതിന് മുമ്പ് പറഞ്ഞ നിബന്ധന അനുസരിച്ച് ജലസേചന വകുപ്പിന് ആവശ്യമില്ലാത്ത ഭൂമി നൽകുന്നതിന് ആക്ഷേപമില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഉത്തരം വേറെയാണ് പറഞ്ഞത്. ഞാൻ ചോദിച്ചത് വേറെയാണ്. കനാലിന്റെ പുറമ്പോക്കിൽ 40 വർഷമായി കുടിയേറി പാർക്കുന്ന വീടുള്ള മാറി മാറി വന്ന സർക്കാരുകൾ വൈദ്യുതി നൽകിയ വീടുകളുള്ള പാവങ്ങൾക്ക് ആ ഭൂമി പതിച്ചു നൽകുമോയെന്ന ചോദ്യത്തിന് ഉത്തരം നൽകിയില്ല. സർക്കാരിന്റെ വിവിധ ആവശ്യങ്ങൾക്ക് ഡിപ്പാർട്ടുമെന്റുകൾ ചോദിച്ചാൽ ആവശ്യമില്ലാത്ത സ്ഥലം കൊടുക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കല്ലട ഇറിഗേഷൻ പ്രോജക്ടിന് ആവശ്യമില്ലാത്ത പുറമ്പോക്കിൽ അതിന്റെ ഡമ്പിംഗ് യാർഡുകളിൽ കഴിഞ്ഞ 40 വർഷമായി കുടിയേറി പാർക്കുന്ന വീടുള്ളവരും വൈദ്യുതി കണക്ഷനും ഉള്ളവരുമൊക്കെയായിട്ടുള്ള പാവങ്ങൾക്ക് വീടും അതിനോട് ചുറ്റുമുള്ള പത്ത് സെന്റ് സ്ഥലവും കൊടുക്കുമോ എന്ന ചോദ്യത്തിന്

ഉത്തരം പറഞ്ഞില്ല.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ ഉത്തരം വളരെ കൃത്യമായിട്ടാണ് പറഞ്ഞത്. ജലവിഭവ വകുപ്പിന് ആവശ്യമില്ലാത്ത ഭൂമി സർക്കാരിന്റെ ആവശ്യങ്ങൾക്ക് വിട്ടുനൽകാൻ ജലവിഭവ വകുപ്പ് തയ്യാറാണ്.

**ധവളപത്രം**

ശ്രീ. ഒ. രാജഗോപാൽ: സർ, നമ്മുടെ സമൂഹത്തിൽ ഏറ്റവും ദാരിദ്ര്യം അനുഭവിക്കുന്ന വിഭാഗമായി കണ്ടെത്തിയിട്ടുള്ളത് ആദിവാസികളായ വനവാസികളെയാണ്. അവരുടെ കാര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി പ്രത്യേക ശ്രമങ്ങൾ സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും ധാരാളം ചെയ്യുന്നുവെന്നാണ് റിപ്പോർട്ടുകളുള്ളത്. പക്ഷെ വസ്തുത എന്താണ്? കേരളത്തിൽ കേവലം നാൽപ്പത്തെട്ടായിരം ആൾക്കാരാണ് ആദിവാസികളായിട്ടുള്ളത്. എന്നാൽ മധു എന്ന ആദിവാസി യുവാവ് ഭക്ഷണം കിട്ടാത്തതിന്റെ പേരിൽ എങ്ങനെയാണ് മൃഗീയമായ രീതിയിൽ കൊലചെയ്യപ്പെട്ടത്? ഈയടുത്ത കാലത്ത് ഉണ്ടായ സംഭവം കേരളത്തിനുതന്നെ അപമാനമുണ്ടാക്കിയതാണ്. വാസ്തവത്തിൽ ഇത് എന്തുകൊണ്ട് സംഭവിക്കുന്നു? ഭക്ഷണം കിട്ടുന്നില്ലെങ്കിൽ, കേന്ദ്ര ഗവൺമെന്റ്, ശ്രീ. എ. ബി. വാജ്പേയ് ഗവൺമെന്റ് കൊണ്ടുവന്ന 'അന്ത്യോദയ അന്ന യോജന' പരിപാടി

ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അതനുസരിച്ച് ഒരു കുടുംബത്തിന് 35 കിലോ അരി ഒരു പൈസ പോലും കൊടുക്കാതെ സൗജന്യമായി കൊടുക്കാനുള്ള സംവിധാനമുണ്ട്. അത് ആത്മാർത്ഥമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇത് സംഭവിക്കില്ലായിരുന്നു. അതും സംഭവിച്ചിട്ടില്ല. കേരള ഗവൺമെന്റിന്റെ കണക്കുകൾ അനുസരിച്ച് ഏതാണ്ട് അയ്യായിരത്തിലേറെ കോടി രൂപ ഇക്കഴിഞ്ഞ പത്തുകൊല്ലമായി ആദിവാസികളെ സംരക്ഷിക്കാൻ വേണ്ടി ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കണക്കുകൾ പരിശോധിച്ചപ്പോൾ 6600 കോടി രൂപ വിവിധ പദ്ധതികളുടെ പേരിൽ ആദിവാസികളെ സഹായിക്കാൻ വേണ്ടി കേരളത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന് കാണാൻ കഴിഞ്ഞു. ഈ പണമൊക്കെ എവിടെ പോയി? ടാർ പോളീൻ വിരിച്ച ഷെഡ്ഡുകളിൽ ജിവിക്കുന്നവരെയും അതുപോലുമില്ലാതെ ജിവിക്കുന്നവരെയും ഇപ്പോഴും നമ്മൾ ടി.വി. യിൽ കാണുന്നു. കണക്കുകൾ നോക്കുന്ന അവസരത്തിൽ കാണാൻ സാധിക്കുന്നു, ഇത്രയും വീടുകൾ നിർമ്മിക്കാൻ തീരുമാനിച്ചു, പക്ഷെ അത് നിർമ്മിക്കാൻ സാധിച്ചിട്ടില്ല. അക്കാര്യത്തിൽ വീഴ്ച വരുത്തിയിരിക്കുന്നു. പട്ടികജാതി വിഭാഗത്തിന്റെ കണക്കനുസരിച്ച് ഭൂമിയുള്ള ഭവന രഹിതർ 15000 -ഉം ഭൂരഹിതരായിട്ടുള്ളവർ 11000 -ഉം ഉണ്ട്. അങ്ങനെ 26000 കുടുംബങ്ങൾക്ക് വീടില്ലാത്ത സാഹചര്യം വന്നിരിക്കുന്നു. നേരെ മറിച്ച് ലൈഫ് മിഷന്റെ

കണക്കുപ്രകാരം വേറൊരു കണക്കാണുള്ളത്. ചുരുക്കത്തിൽ അവർക്ക് വീടോ ഭക്ഷണോ കിട്ടുന്നില്ല. ഈ വിധത്തിൽ നരക ജീവിതം നയിക്കുന്ന സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി എ. കെ. ബാലൻ ഇടയ്ക്കിടയ്ക്ക് ഗവൺമെന്റ് ഹോസ്റ്റലിൽ വിളമ്പുന്ന മത്സ്യ മാംസാദികളെക്കുറിച്ച് പറയുന്നുണ്ട്. അത് ശരിയായിരിക്കാം. ഹോസ്റ്റലിൽ കൊടുക്കുന്നുണ്ടാകും. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം പട്ടിണി കൊണ്ട് മരിക്കേണ്ട ഗതികേടിന്റെ ക്ലാസിക് ഉദാഹരണം അതുസംബന്ധിച്ചുണ്ട്. ഇതിന് പരിഹാരമായി എനിക്ക് പറയാനുള്ളത് ഒരു കാര്യമാണ്. ഇത്രയും പണം വരുന്നു. ആ പണമൊക്കെ എവിടെ പോകുന്നു? മനസ്സാക്ഷിയില്ലാത്ത രാഷ്ട്രീയക്കാരും അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരും ലാഭത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്ന കോൺട്രാക്ടർമാരും പങ്കിട്ടെടുക്കുന്നു. അവർ വലിയ പണക്കാരായി മാറുന്നു. അട്ടപ്പാടിയിൽ പോസ്റ്റിംഗ് കിട്ടാൻ വേണ്ടി ഉദ്യോഗസ്ഥന്മാർ കൈക്കൂലി കൊടുക്കാൻ തയ്യാറാകുന്നു. ആ സാഹചര്യമുള്ളത്. ഈ സാഹചര്യത്തിൽ കഴിഞ്ഞ 10 കൊല്ലമായി കേന്ദ്ര സർക്കാർ ആദിവാസികളുടെ സംരക്ഷണത്തിനുവേണ്ടി കേരളത്തിന് കൊടുത്തിട്ടുള്ള സഹായത്തെപ്പറ്റിയുള്ള ഒരു വൈറ്റ് പേപ്പർ പ്രസിദ്ധീകരിക്കണം എന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. എന്നുമാത്രമല്ല ആ പണം ഏത് കാര്യത്തിനുവേണ്ടി എന്തെല്ലാം ഐറ്റത്തിന്

എങ്ങനെ ചെലവഴിച്ചുവെന്നത് സംബന്ധിച്ചുള്ള ഒരു കണക്കും ഈ വൈറ്റ് പേപ്പറിൽ ഉണ്ടാകണം. മാത്രമല്ല ഇത് ചെലവാക്കുന്ന കാര്യത്തിൽ ആദിവാസികളെ കൂടി പങ്കാളികളാക്കണ്ടേ? തങ്ങൾക്കുള്ള പണം ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് പറയാൻ അവർക്ക് ഒരു അവസരം ഉണ്ടാകണ്ടേ? ഇത് കൊടുക്കാൻ വ്യവസ്ഥ ചെയ്യണമെന്നാണ് എനിക്ക് ഈ ശ്രദ്ധക്ഷണിക്കലിലൂടെ പറയാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ വിഷയം ഒന്ന് വിശദമായി പറയേണ്ടിവരും. കാരണം തെറ്റായ ധാരണയോടുകൂടി ശ്രീ. ഒ. രാജഗോപാലിനെപ്പോലുള്ള ആളുകൾ സഭയിൽ നിന്നും പോകാൻ പാടില്ല.

മി. സ്പീക്കർ: കഴിയുന്നതും ചുരുക്കി പറയണം.

ശ്രീ. എ. കെ. ബാലൻ: കേന്ദ്ര സംസ്ഥാന സർക്കാരുകൾ കോടിക്കണക്കിന് രൂപ വനവാസിക്ഷേമത്തിനായി അനുവദിക്കാറുണ്ടെന്നും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 200 പ്രവൃത്തിദിനങ്ങൾ സൃഷ്ടിക്കേണ്ടതുണ്ടെന്നും അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരം റേഷൻ വിഹിതം നേരിട്ട് വിതരണം

ചെയ്യേണ്ടതുണ്ടെന്നും ഈ പദ്ധതികളൊക്കെ ഉണ്ടായിട്ടും വനവാസിമേഖലയിൽ പട്ടിണിമരണങ്ങൾ സംഭവിക്കുന്നുവെന്നും വനവാസികൾക്കായി നീക്കിവച്ച ഫണ്ടുകൾ ചെലവഴിച്ചതിനെപ്പറ്റി സർക്കാർ ധവളപത്രം പുറപ്പെടുവിക്കണമെന്നുമുള്ളതാണ് ശ്രീ. ഒ. രാജഗോപാൽ ഇവിടെ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന്റെ ചുരുക്കം. ഇതുമായി ബന്ധപ്പെട്ട് മറുപടി പറയാനുള്ളത് രണ്ടുമൂന്ന് കാര്യങ്ങളാണ്. ഒന്ന് കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രശ്നങ്ങളാണ് വനവാസികൾ എന്ന വിവക്ഷയിൽ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉദ്ദേശിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പട്ടികവർഗ്ഗ വിഭാഗക്കാരെ സൂചിപ്പിക്കാൻ ഇത്തരം പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നത് നിയമപരമല്ല എന്ന് ഞാൻ ആദ്യമായി ഓർമ്മപ്പെടുത്തുകയാണ്. സംസ്ഥാന സർക്കാർ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ വളരെ കാര്യക്ഷമമായി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നുണ്ട്. കൃത്യമായി പ്രതിമാസം വകുപ്പുതലത്തിലും എല്ലാ ആഴ്ചയിലും മന്ത്രിതലത്തിലും പദ്ധതി അവലോകനം നടത്തിവരുന്നുണ്ട്. ഇതിന്റെയെല്ലാം ഭാഗമായി ഈ മേഖലയിൽ അതാത് സമയം ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനും സ്ഥായിയായ വികസനപ്രക്രിയ ഇതിലൂടെ നടപ്പിലാക്കാനും കഴിയുന്നുണ്ട്. പദ്ധതി വിഹിതത്തിന്റെ 23 ശതമാനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിവിധ പദ്ധതികൾക്കായി ഡിപ്പാർട്ട്മെന്റ് നൽകുകയാണ്. ജനകീയ ആസൂത്രണപ്രക്രിയയുടെ ഭാഗമായി പ്രാദേശികതലത്തിൽ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പദ്ധതികൾ ആവിഷ്കരിക്കുന്നതിനാണ് ഇതുവരെ തീരുമാനിച്ചിട്ടുള്ളത്, അതിനുള്ള അവസരവും ഉണ്ടാക്കിയിട്ടുണ്ട്. കേരളത്തിലെ ആദിവാസി ജനസംഖ്യ 1.45 ശതമാനമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് 40,000 എന്നാണ് നാൽപ്പതിനായിരം അല്ല. ഏതാണ്ട് ഒന്നേകാൽ ലക്ഷം കുടുംബങ്ങളുണ്ട്. അഞ്ച് ലക്ഷത്തോളം ആദിവാസികളുമുണ്ട്. 48,000 എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അതും ശരിയല്ല. എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ജനസംഖ്യാനുപാതത്തിന് മുകളിൽ, 1.45 ശതമാനത്തിനപ്പുറം 2.85 ശതമാനം വരെ ബഡ്ജറ്റ് വിഹിതം നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി സംസ്ഥാന ബഡ്ജറ്റിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നീക്കിവച്ച തുക ഇനി പറയുന്നതുപ്രകാരമാണ്. 2016-17-ൽ 751 കോടി രൂപയാണെങ്കിൽ 2017-18-ൽ 826 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിൽ 2016-17-ൽ 95 ശതമാനം ചെലവഴിച്ചു. ഈ വർഷവും ഏതാണ്ട് ഇതേ നിരക്കിലെത്താൻ പോകുകയാണ്, ഇപ്പോൾതന്നെ 90 ശതമാനവും പൂർത്തീകരിച്ചതിന്റെ കണക്ക്

എന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്. ഇതിലൊന്നും എവിടെയും ആരുടെ ഭാഗത്തുനിന്നും ഒരു ആക്ഷേപവും ഒരു ആരോപണവും ഇന്നേവരെ വന്നിട്ടില്ല. കേരളത്തിലെ പട്ടികവർഗ്ഗ വികസനത്തിന് കേന്ദ്രസർക്കാർ കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ആയിരക്കണക്കിന് കോടിരൂപ നൽകുന്നുവെന്നും ഈ പണത്തിൽ ഭൂരിഭാഗവും കേരള സർക്കാർ ചെലവഴിക്കാതെ ലാപ്സാക്കികളയുന്നുവെന്ന രീതിയിൽ വ്യാജപ്രചരണം ചിലർ സംഘടിപ്പിക്കുന്നുണ്ട്. രാഷ്ട്രീയ ദുഷ്ടലാക്കോട്ടുകൂടിയാണ് ഇത്തരം പ്രചരണങ്ങൾ സംഘടിപ്പിക്കുന്നത്. മധുവിന്റെ ദാരുണമായ കൊലപാതകത്തിനുശേഷം ഇല്ലാക്കഥകൾ എന്തും പ്രചരിപ്പിച്ച് ജനവികാരം സർക്കാരിനെതിരായി നടത്തുന്നുവെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് മധു ഭക്ഷണം കിട്ടാതെയാണ് മരിച്ചതെന്ന രാജേട്ടന്റെ ഒരു പരാമർശം. ആ വീട്ടിൽ രാജേട്ടൻ പോയിട്ടുണ്ടോയെന്ന് എനിക്കറിയില്ല.

<u>ശ്രീ. ഒ. രാജഗോപാൽ</u>: അദ്ദേഹം വീട്ടിലല്ല താമസിക്കുന്നതെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്

<u>ശ്രീ. എ. കെ. ബാലൻ</u>: ആ ചരിത്രത്തിലേയ്ക്ക് ഞാൻ വരാം. അട്ടപ്പാടി മേഖലയിൽ രാജേട്ടൻ എന്റെ കൂടെ വന്നാൽ ഏതൊരു വീട്ടിലും മൂന്നോ നാലോ ദിവസത്തേയ്ക്കുള്ള ഭക്ഷണം ഇപ്പോഴും സ്റ്റോക്കുള്ളതായി കാണിച്ചുതരാം. ഭക്ഷണം

കിട്ടാതെ, പോഷകാഹാരം കിട്ടാത്ത ഒരു പ്രശ്നവും അട്ടപ്പാടിയിൽ ഇല്ല. തെറ്റായ കുറേ പ്രചരണങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ കേന്ദ്രസർക്കാരിൽ നിന്നും പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി പ്രത്യേകമായി ലഭിക്കുന്ന തുക എത്രയാണ്? ആ കണക്കുകൂടി ബഹുമാനപ്പെട്ട അംഗം രേഖപ്പെടുത്തി വയ്ക്കണം. അതിനുവേണ്ടിയാണ് ഞാൻ ഇവിടെ പറയുന്നത്. 2014-15 വർഷത്തിൽ നൂറ് ശതമാനം കേന്ദ്രസഹായമെന്ന നിലയിൽ സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന് ലഭിക്കേണ്ടിയിരുന്നത് 115 കോടി രൂപയായിരുന്നു. ഈ തുക ലഭിക്കുമെന്ന പ്രതീക്ഷയിൽ സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. എന്നാൽ സംസ്ഥാന സർക്കാർ 93.27 കോടി രൂപ ചെലവഴിച്ചു. കേന്ദ്രസർക്കാർ അനുവദിച്ചതാകട്ടെ കേവലം 74.04 കോടി രൂപയാണ്. 2015-16-ൽ ഈ ഇനത്തിൽ 84.84 കോടി രൂപയാണ് കേന്ദ്രവിഹിതമായി കേരളത്തിന് ലഭിക്കേണ്ടിയിരുന്നത്. എന്നാൽ കേന്ദ്രത്തിൽ നിന്നും കിട്ടിയത് 22.49 കോടിരൂപ മാത്രമാണ്. കേരളമാകട്ടെ, കേന്ദ്രസഹായത്തിന് കാത്ത് നിൽക്കാതെ തന്നെ ഈ ഇനത്തിൽ മാത്രം 2015-16-ൽ 52.33 കോടി രൂപയോളം ചെലവഴിക്കുകയും ചെയ്തു. 2016-17-ൽ 88.19 കോടി രൂപയാണ് കേന്ദ്രവിഹിതമായി ലഭിക്കേണ്ടത്. ആകെ ലഭിച്ചത് 54.22 കോടി രൂപയാണ്. എന്നാൽ കേരളം 64.25 കോടി രൂപ

പട്ടികവർഗ്ഗ മേഖലയുടെ വികസനത്തിനായി ചെലവഴിച്ചു. 2017-18-ൽ 70.73 കോടിരൂപയാണ് കേന്ദ്രവിഹിതം ലഭിക്കേണ്ടിയിരുന്നത്. 15.16 കോടി രൂപയാണ് ആകെ ഇതുവരെ ലഭിച്ചത്. എന്നാൽ കേരളസർക്കാർ ഇതുവരെ 39.24 കോടി രൂപ ചെലവഴിച്ചു. ആയിരക്കണക്കിന് കോടിരൂപ കേന്ദ്ര സർക്കാർ തന്നിട്ടില്ലെന്നുമാത്രമല്ല കമ്മിറ്റഡ് എക്സ്പെന്റിച്ചർ എന്ന നിലയിൽ തരാമെന്ന് ഏറ്റശേഷം സംസ്ഥാന സർക്കാർ ഈ ഇനത്തിൽ ചെലവഴിച്ച തുക പോലും തരാതെ വിഷമിപ്പിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എസ്.ടി.പി., ടി.എസ്.പി. ഫണ്ടുകൾ സംബന്ധിച്ച് രാജേട്ടന് അറിയുമോയെന്ന് എനിക്കറിയില്ല. കഴിഞ്ഞ സാമ്പത്തികവർഷം 44,000 കോടി രൂപയാണ് എസ്.ടി.പി. ഫണ്ടിലും 22,000 കോടി രൂപയാണ് ടി.എസ്.പി. ഫണ്ടിലും കേന്ദ്രഗവൺമെന്റ് വെട്ടിച്ചുരുക്കിയത്. രാജ്യത്തെ പട്ടികജാതി വിഭാഗങ്ങളുടെ ജനസംഖ്യ 16.6 ശതമാനവും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ 8.6 ശതമാനവുമാണ്. എന്നാൽ ഈ തോതിൽ കേന്ദ്രസർക്കാർ ജനസംഖ്യാനുപാതികമായി ഈ വിഭാഗങ്ങൾക്ക് അനുവദിക്കേണ്ടിയിരുന്ന കേന്ദ്രസർക്കാർ ബഡ്ജറ്റ് വിഹിതവും അനുവദിച്ച ബഡ്ജറ്റ് വിഹിതവും ഞാൻ പറയാം. പട്ടികജാതി വിഭാഗത്തിൽ 2014-15-ൽ ആകെ ബഡ്ജറ്റ് അടങ്കൽ...............

<u>മി. സ്പീക്കർ</u>: അദ്ദേഹം ചോദിച്ചത് ധവളപത്രം മാത്രമാണ്. അത് വച്ചാൽ മതിയല്ലോ

<u>ശ്രീ. എ. കെ. ബാലൻ</u>: എ. കെ. ബാലൻ രാജിവയ്ക്കണമെന്ന് പറഞ്ഞ് ബി.ജെ.പി. ഒരു പ്രകടനം നടത്തി, രാജേട്ടനാണ് അത് ഉദ്ഘാടനം ചെയ്തത്. ഇതൊക്കെ എഴുതിവച്ച് കേന്ദ്രത്തെ അറിയിക്കട്ടെ. അതിനുവേണ്ടിയാണ് ഞാൻ ഇക്കാര്യം പറയുന്നത്.

<u>ശ്രീ. ഒ. രാജഗോപാൽ</u>: ഇതുസംബന്ധിച്ച് വൈറ്റ് പേപ്പർ പബ്ലിഷ് ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെട്ടത്.

<u>ശ്രീ. എ. കെ. ബാലൻ</u>: ഇവിടെ പറഞ്ഞ മറുപടിയുടെ കോപ്പി ഞാൻ അങ്ങേയ്ക്ക് തരാം.

<u>മി. സ്പീക്കർ</u>: വിശദമായ ധവളപത്രം മേശപ്പുറത്ത് വച്ചാൽ മതി.

<u>ശ്രീ. എ. കെ. ബാലൻ</u>: ഞാൻ പറയുന്നതാണ് കണക്ക്. വൈറ്റ് പേപ്പർ എന്നുപറഞ്ഞാൽ എന്താണ്? എനിക്ക് മനസ്സിലാകുന്നില്ല. അതെന്ത് പേപ്പറാണ്? ശമ്പളം കിട്ടിയതടക്കമുണ്ട്. ശമ്പളം നോൺ പ്ലാനിലും വികസനപ്രവർത്തനങ്ങൾ പ്ലാനിലുമാണ് വരുന്നത്. എന്ത് വൈറ്റ് പേപ്പറാണ്? ഏത് ആഡിറ്റ് ഒബ്ജക്ഷനാണ് ഇവിടെ ഉണ്ടായിട്ടുള്ളത്? ഏത് ഗവൺമെന്റ് ഭരിച്ചാലും നിങ്ങൾ കാണേണ്ട കാര്യം

ഏതെങ്കിലും രൂപത്തിലുള്ള അപാകതകൾ ഉണ്ടെങ്കിൽ അത് ആഡിറ്റിന്റെ ഭാഗമായി വരും. ഞാൻ ഇവിടെ പറയുന്ന മറുപടി അങ്ങനെതന്നെ തരാം. അതിൽ തെറ്റുണ്ടെന്ന് രാജേട്ടൻ ചൂണ്ടിക്കാണിച്ചാൽ തിരുത്താം.

മി. സ്പീക്കർ: പ്രധാനപ്പെട്ട ഭാഗം പറഞ്ഞിട്ട് ബാക്കി മേശപ്പുറത്ത് വയ്ക്കാം.

ശ്രീ. എ. കെ. ബാലൻ: ഇനി ഒറ്റ പേജും കൂടിയേയുള്ളൂ. രാജേട്ടൻ കണക്കുകൾ എഴുതി എടുക്കട്ടെ. രാജേട്ടനെ പോലുള്ള ഒരാൾ ഞാൻ രാജിവയ്ക്കണമെന്ന് ഇടയ്ക്കിടെ പറയുന്നുണ്ട്. എന്തിനാണ് ഞാൻ രാജിവയ്ക്കേണ്ടത്.

ശ്രീ. ഒ. രാജഗോപാൽ: സർക്കാർ തുക ചെലവഴിക്കുന്നില്ല എന്നുള്ളതല്ല അത് ആദിവാസികളിൽ എത്തുന്നില്ല എന്നുള്ളതാണ് പ്രശ്നം.

ശ്രീ. എ. കെ. ബാലൻ: ഈ ഗവൺമെന്റ് വന്നതിനുശേഷം ആദിവാസിമേഖലയിൽ ചെയ്ത കാര്യങ്ങൾ എണ്ണിഎണ്ണി ഞാൻ പറയാമായിരുന്നു. എന്നാൽ അതിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. പട്ടികജാതി വിഭാഗത്തിൽ 2014-15-ൽ ആകെ ബഡ്ജറ്റ് അടങ്കൽ 17,63,214 കോടി രൂപയും അതിന് ജനസംഖ്യാനുപാതികമായി കേന്ദ്രഗവൺമെന്റ് വയ്ക്കേണ്ടിയിരുന്നത്, 81,460 കോടി രൂപയുമാണ്. എന്നാൽ യഥാർത്ഥത്തിൽ ബഡ്ജറ്റിൽ വച്ചത് 50,544 കോടി രൂപ മാത്രമാണ്. ഇതേ വർഷം തന്നെ പട്ടികവർഗ്ഗ വിഭാഗത്തിന്

ജനസംഖ്യാനുപാതികമായി വയ്ക്കേണ്ടിയിരുന്നത് 42,141 കോടി രൂപ എന്നാൽ യഥാർത്ഥത്തിൽ ബഡ്ജറ്റിൽ വച്ചത് 32,350 കോടി രൂപ മാത്രമാണ്. 2015-16-ൽ ആകെ ബഡ്ജറ്റ് അടങ്കലിൽ 17,77,474 കോടി രൂപയും അതിൽ ജനസംഖ്യാനുപാതികമായി വയ്ക്കേണ്ടിയിരുന്നത് 82.119 കോടി രൂപ എന്നാൽ യഥാർത്ഥത്തിൽ ബഡ്ജറ്റിൽ വച്ചത് 30750 കോടി രൂപ മാത്രമാണ്. ഇതേ വർഷം പട്ടികവർഗ്ഗ വിഭാഗത്തിന് ജനസംഖ്യാനുപാതികമായി വയ്ക്കേണ്ടിയിരുന്നത് 42,482 കോടി രൂപ എന്നാൽ യഥാർത്ഥത്തിൽ ബഡ്ജറ്റിൽ വച്ചത് 20000 കോടി രൂപ മാത്രമാണ്. 2016-17-ൽ ആകെ ബഡ്ജറ്റ് അടങ്കൽ 17,78,060 കോടി രൂപ. അതിൽ ജനസംഖ്യാനുപാതികമായി വയ്ക്കേണ്ടിയിരുന്നത് 91,356 കോടി രൂപ എന്നാൽ യഥാർത്ഥത്തിൽ ബഡ്ജറ്റിൽ വച്ചത് 38,831 കോടി രൂപ മാത്രമാണ്. ഇതേ വർഷം പട്ടികവർഗ്ഗ വിഭാഗത്തിൽ ജനസംഖ്യാനുപാതികമായി വയ്ക്കേണ്ടിയിരുന്നത് 47,276 കോടി രൂപ എന്നാൽ യഥാർത്ഥത്തിൽ ബഡ്ജറ്റിൽ വച്ചത് 24,005 കോടി രൂപ മാത്രമാണ്. 2017-18-ലെ കണക്കുകൾ കൂടി പറയാം. ഈ കണക്കുകൾ അപ്ഡേറ്റാണ്. 2017-18-ൽ ആകെ ബഡ്ജറ്റ് അടങ്കൽ 20,91,735 കോടി രൂപ. അതിൽ ജനസംഖ്യാനുപാതികമായി വയ്ക്കേണ്ടിയിരുന്നത് 96,847 കോടി രൂപ.

എന്നാൽ യഥാർത്ഥത്തിൽ ബഡ്ജറ്റിൽ വച്ചത് 52,395 കോടി രൂപ. ഇതേ വർഷം പട്ടികവർഗ്ഗ വിഭാഗത്തിന് ജനസംഖ്യാനുപാതികമായി വയ്ക്കേണ്ടിയിരുന്നത് 49,992 കോടി രൂപ യഥാർത്ഥത്തിൽ ബഡ്ജറ്റിൽ വച്ചത് 31,920 കോടി രൂപ. ഇതാണ് കേന്ദ്രഗവൺമെന്റ് ഇവിടെ കാണിച്ചത്. ജനസംഖ്യ 25 ശതമാനം വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് രണ്ടര-മൂന്ന് ശതമാനം മാത്രമാണ് നീക്കിവയ്ക്കുന്നത്. സംസ്ഥാന ഗവൺമെന്റ് ജനസംഖ്യ ആനുപാതികത്തെക്കാളും കൂടുതലാണ് വയ്ക്കുന്നത്. മുകളിൽ ചേർത്ത കണക്കുകൾ ഇന്ത്യാ രാജ്യത്ത് മൊത്തത്തിൽ ചെലവഴിക്കേണ്ട ബഡ്ജറ്റ് വിഹിതമാണ്. ജനസംഖ്യാനുപാതികമായി ഫണ്ട് അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാർ തുടർച്ചയായി വീഴ്ചവരുത്തുവെന്നുള്ളതാണ് ഞാൻ ഈ പറഞ്ഞതിന്റെ അർത്ഥം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതുപോലെ എല്ലാ അംഗങ്ങൾക്കും സമയം നൽകണം.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മനസ്സിലാക്കേണ്ടത്, 10 കൊല്ലത്തെ കണക്കാണ് ചോദിച്ചത്. നിങ്ങളുടെ കാലഘട്ടത്തിലേതും ചോദിച്ചിട്ടുണ്ട്. അപ്പോൾ ഈ കണക്ക് പറയുന്നത് നല്ലതാണ് എന്നുള്ളതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കു.....

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. പ്രമേയ അവതാരകൻ ഉന്നയിച്ച മറ്റൊരു കാര്യം തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ചാണ്. വനമേഖലയിൽ 200 പ്രവൃത്തിദിനങ്ങൾ സൃഷ്ടിക്കുന്നതാണ് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി. കേന്ദ്ര സർക്കാരിൽ നിന്നും 150 പ്രവൃത്തിദിവസങ്ങൾക്കാണ് സഹായം കിട്ടുന്നത്. ഇവിടെ ഞങ്ങൾ അത് 200 ദിവസങ്ങളാക്കി മാറ്റിയിട്ടുണ്ട്. വനമേഖലയിൽ പട്ടിണി മരണങ്ങൾ സംഭവിക്കുന്നുവെന്നുള്ളതാണ് ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലെ മറ്റൊരു ആരോപണം. പട്ടിണി മരണം ഒരു സ്ഥലത്തുമില്ല. ഇതൊരു കള്ളപ്രചരണമാണ്. എല്ലാ ദിവസവും ഈ പ്രചരണം നടന്നുകൊണ്ടിരിക്കുകയാണ്. അട്ടപ്പാടിയിൽ എന്തോ നടക്കുന്നു എന്നാണ്... അട്ടപ്പാടിയിൽ ഒന്ന് പോയി നോക്കട്ടെ. എപ്പോൾ പോയിട്ടുണ്ട്; എന്റെ കൂടെ വന്നാൽ ഭക്ഷണമില്ലാത്ത ഏതെങ്കിലും ഒരു വീട് കാണിച്ചുതരണം. ഇഷ്ടം പോലെ റേഷൻ ഷോപ്പുകളിൽ ആവശ്യം പോലെ ഭക്ഷണസാധനങ്ങൾ, പലവ്യഞ്ജന സാധനങ്ങൾ....പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ ആവശ്യം പോലെ പാകം ചെയ്ത് വീട്ടിലെത്തിക്കുകയാണ്. എന്നിട്ട് ഈ കള്ളപ്രചരണം നടത്തുകയാണ്. ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം വളരെ നന്നായി. ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവേ, ഈ കള്ളപ്രചരണത്തിന് മറുപടി പറയണമെന്നുള്ളതുകൊണ്ടാണ് ഇതിൽ അൽപ്പം സമയമെടുത്തത്. ചുരുക്കിപ്പറഞ്ഞാൽ ഇത് എങ്ങനെയാക്കിയാലും ഇങ്ങനെ പറ്റുകയുള്ളൂ.

മി. സ്പീക്കർ: അദ്ദേഹം ആവശ്യപ്പെട്ട ധവളപത്രം പ്രസിദ്ധിച്ചുകൂടേ?

ശ്രീ. എ. കെ. ബാലൻ: സർ, അതുകൊണ്ടാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ശൈലി ഞാൻ സ്വീകരിക്കാൻ നിർബന്ധിക്കപ്പെട്ടത്. അതുകൊണ്ട് മറ്റ് കാര്യങ്ങളിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

മി. സ്പീക്കർ: ഇനി അങ്ങേയ്ക്ക് ചോദ്യം ചോദിക്കേണ്ട കാര്യമില്ലല്ലോ; അങ്ങ് ആവശ്യപ്പെട്ട വൈറ്റ് പേപ്പറിലെ വിശദാംശങ്ങളൊക്ക നൽകിക്കഴിഞ്ഞു.

ശ്രീ. ഒ. രാജഗോപാൽ: സർ, ഒന്ന്, വൈറ്റ് പേപ്പർ പബ്ലിഷ് ചെയ്യണമെന്നതിന് മറുപടിയില്ല. പബ്ലിഷ് ചെയ്യാൻ തയ്യാറല്ല. രണ്ട്, ആ പണം ചെലവഴിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ആവാം. ആദിവാസികൾക്കും പങ്കാളിത്തമുള്ള ഒരു സൂപ്പർവൈസറി ബോഡിയുണ്ടാക്കണം. എങ്കിൽ മാത്രമേ അവരുടെ പങ്കാളിത്തമുണ്ടാകുകയുള്ളൂ. പണം ചെലവഴിക്കുന്നുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. ആ പണം മുഴുവൻ കോൺട്രാക്ടർമാരും രാഷ്ട്രീയക്കാരും തട്ടിയെടുക്കുകയാണ്. അത് യഥാർത്ഥമായി ആദിവാസികൾക്ക് കിട്ടുന്നില്ലെന്നതാണ്

വസ്തുത. അതിന്റെ തെളിവാണ് മധുവിനെപ്പോലെയുള്ള ആളുകൾ മരിക്കേണ്ടി വന്നിട്ടുള്ളത്. പട്ടിണിയുണ്ടെന്നതിനെപ്പറ്റി ഡോ. ഇക്ബാൽ കമ്മിറ്റി സ്റ്റഡി നടത്തിയതിൽ വ്യക്തമായി പറയുന്നുണ്ട്.

മി.സ്പീക്കർ: യെസ്....പ്ലീസ്...ഇരിക്കൂ....ഇരിക്കൂ...ഒരു ചോദ്യം ചോദിക്കാൻ മാത്രമേ അവകാശമുള്ളൂ.

ശ്രീ. ഒ. രാജഗോപാൽ: സർ, ന്യൂട്രീഷൻ കുറവായതിന്റെ ഫലമായി കുട്ടികൾ മരിച്ചുപോകുന്നുവെന്നുള്ളത്. ഇക്കാര്യങ്ങളൊക്കെ മറച്ചുവച്ചാൽ ഒരിക്കലും വസ്തുത മുഴുവൻ പുറത്തുവരികയില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ഗവൺമെന്റിന്റെ ഒരു വകുപ്പ് തുക ചെലവഴിക്കുന്നത് സംബന്ധിച്ച് കൃത്യമായി ലോക്കൽ ഓഡിറ്റും എ.ജി. ഓഡിറ്റുമുണ്ട്. ഇതിൽ ഏതെങ്കിലും രൂപത്തിലുള്ള ഒരു അപാകത ചൂണ്ടിക്കാണിച്ചാൽ അപ്പോൾ തന്നെ വകുപ്പ് അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഇന്നുവരെ എന്റെ മുമ്പിൽ.... ഈ 10 കൊല്ലത്തിനിടയിൽ ദുരുപയോഗം നടന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഒ. രാജഗോപാൽ എഴുതി നൽകിയാൽ അത് അന്വേഷിക്കാം. അല്ലാതെ ഈ രൂപത്തിൽ ധവളപത്രം എന്നുപറഞ്ഞുകഴിഞ്ഞാൽ നടക്കുകയില്ല. കാരണം ഇവിടെ അങ്ങനെയൊരു സംവിധാനമില്ലല്ലോ; ഇതിന്റെ പകുതി തുക

ശമ്പളമായി പോകുന്നതാണ്. അത് എന്ത് ധവളപത്രമായി കൊടുക്കാനാണ്. ബാക്കി വികസനപ്രവർത്തനവുമായി ബന്ധപ്പെട്ടുകൊണ്ട് ഏതെങ്കിലുമൊരു പദ്ധതി നടപ്പിലാക്കിയതിൽ എന്തെങ്കിലുമൊരു ആരോപണമുണ്ടെങ്കിൽ, അഴിമതിയുണ്ടെങ്കിൽ എഴുതി നൽകിയാൽ അത് അന്വേഷിക്കാം. ബഹുമാനപ്പെട്ട ഒ. രാജഗോപാൽ വീണ്ടും മധുവിന്റെ മരണത്തെക്കുറിച്ച് പറയുന്നു. ഞാൻ ഉറപ്പിച്ച് പറയാം, മധുവിന്റെ മരണത്തിൽ പോഷകാഹാരത്തിന്റെ പ്രശ്നമില്ല. അവിടെ ഭക്ഷണത്തിന്റെ പ്രശ്നമില്ല, സാമ്പത്തികമായി മോശമായ ഒരു കുടുംബമല്ലത്. പല കാരണങ്ങളാൽ വീട്ടിൽ നിന്നും മധു കാട്ടിലേക്ക് പോകാൻ നിർബന്ധിക്കപ്പെട്ടു. ഉത്തരേന്ത്യയിൽ ശ്രീ. ഒ. രാജഗോപാലിന്റെ ഗവൺമെന്റ് ഭരിക്കുന്ന സ്ഥലത്ത് കാണുന്ന കുറെ വൈകൃതങ്ങളുടെ അവശിഷ്ടങ്ങൾ ഇവിടെയും വന്നുവെന്നുള്ളതിന്റെ ഏറ്റവും നല്ല തെളിവായിരുന്നു മധുവിന്റെ ദാരുണമായിട്ടുള്ള അന്ത്യം. അതിന് ഉത്തരവാദിത്വം ഞങ്ങൾക്കാർക്കും ഏറ്റെടുക്കാൻ കഴിയുകയില്ല. അതിന് നേതൃത്വം കൊടുത്ത 16 പേരെയും 24 മണിക്കൂറിനുള്ളിൽ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടിയെടുത്തു. അവർ ഇപ്പോൾ ജയിലിലാണ്. ആ കുടുംബത്തെ സഹായിക്കാൻ 18,25,000 രൂപയും കൊടുത്തു. ഇപ്പോൾ ഇന്ത്യാരാജ്യത്ത് എത്ര എണ്ണം മരിക്കുന്നുണ്ട്.

മി. സ്പീക്കർ: ഇരിക്ക്..ഇരിക്ക്..പ്ലീസ്..ശ്രീ. എ. കെ. ബാലൻ....

ശ്രീ. എ. കെ. ബാലൻ: സർ, 10 പൈസ ഇവർ കൊടുക്കുന്നുണ്ടോ; ഇപ്പോൾ 11 പേരെയാണ്....അട്രോസിറ്റീസുമായി ബന്ധപ്പെട്ടുകൊണ്ട് 11 പേർക്കാണ് വെടിയുണ്ടയ്ക്ക് ഇരയാകേണ്ടിവന്നത്. എന്തെങ്കിലും ധാർമ്മികമായ രോഷം ബഹുമാനപ്പെട്ട ഒ. രാജഗോപാലിനുണ്ടോ?

ശ്രീ. ഒ. രാജഗോപാൽ : .....(മൈക്ക് ഓഫ്)...........

മി. സ്പീക്കർ: പ്ലീസ്....ഇരിക്കൂ...സഭയുടെ ശ്രദ്ധയിൽ ഒരു വിഷയം കൊണ്ടുവരുന്നു, അതിന് മന്ത്രി മറുപടി പറയുന്നു. അത് ഇങ്ങനെ വലിയ ഡിബേറ്റാക്കാനൊന്നും പറ്റില്ല.